## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 6101 — 10.07.2012-ൽ മറുപടിയ്ക്ക്

### ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ പ്രൊമോട്ടർമാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ദാസൻ: | ശ്രീ. മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ പ്രേരക്മാരെ നിയമിക്കാൻ വ്യവസ്ഥയുണ്ടോ എന്ന് വിശദീകരിക്കാമോ ; | (എ) ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് ഗുണഭോക്താക്കളെ ബോധവാന്മാരാക്കുന്നതിനായി 1000 ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും 1000 ന്യൂനപക്ഷ പ്രമോട്ടർമാരെ നിയമിക്കുന്നതിനുമുള്ള പദ്ധതിയ്ക്ക് 16/06/2012 - ലെ സ.ഉ. (സാധാ) നം. 5001/2012/പൊ.ഭ.വ പ്രകാരം ഭരണാനുമതി കൊടുത്തിട്ടുണ്ട്. |
| (ബി) ന്യൂനപക്ഷ ക്ഷേമ പ്രമോട്ടർമാരെ നിയമിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം എന്ന് വിശദീകരിക്കാമോ ? | (ബി) പത്താം ക്ലാസ്സ് വിദ്യാഭ്യാസം വിജയകരമായി പൂർത്തിയാക്കിയ ബന്ധപ്പെട്ട മേഖലയിൽ പ്രായോഗിക പരിജ്ഞാനമുള്ളവരിൽ നിന്നും പത്ര പരസ്യം നൽകി അപേക്ഷ ക്ഷണിച്ച് ടെസ്റ്റ്/ ഇന്റർവ്യൂ നടത്തിയാണ് പ്രമോട്ടർമാരെ തെരഞ്ഞെടുക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന പ്രമോട്ടർമാർക്ക് പ്രതിമാസം 4000/- രൂപ ഹോണറേറിയം നൽകുന്നതാണ്. തെരഞ്ഞെടുക്കപ്പെട്ടവർ കുറഞ്ഞത് ആറുമാസകാലമെങ്കിലും പ്രമോട്ടർമാരായി സേവനം അനുഷ്ഠിക്കാമെന്നുള്ള ബോണ്ട് ഒപ്പുവയ്ക്കേണ്ടതാണ്. എല്ലാ മാസങ്ങളിലും ഇവരുടെ പ്രവർത്തന മികവ് പരിശോധിച്ച് തൃപ്തികരമാണെന്ന് ഉറപ്പുവരുത്താനും സംവിധാനമുണ്ടാവും. |

സെക്ഷൻ ആഫീസർ.